# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 4<br>September 4 | 2019 |
|---|---|

***1193 ചിങ്ങം*** 19 ബുധൻ

# പത്രക്കുറിപ്പ് -1

[www.prd.kerala.gov.in](http://www.prd.kerala.gov.in), diopta1@gmail.com ഫോൺ0468-2222657

**വിദ്യാഭ്യാസ അവാർഡ് വിതരണം ജില്ലാതല ഉദ്ഘാടനം ആറിന്**

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ജില്ലാ എക്സിക്യുട്ടീവ് ഓഫീസിന്റെ ആഭിമുഖ്യത്തിൽ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ആറിന് രാവിലെ ഒൻപതിന് പത്തനംതിട്ട മണ്ണിൽ റീജൻസി ഹാളിൽ വീണാ ജോർജ് എംഎൽഎ നിർവഹിക്കും. ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിക്കും. വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിതരണ ഉദ്ഘാടനം എംഎൽഎമാരായ രാജു ഏബ്രഹാം, മാത്യു ടി തോമസ്, സിപിഎം ജില്ലാ സെക്രട്ടറി കെ.പി. ഉദയഭാനു, സിപിഐ ജില്ലാ സെക്രട്ടറി എ.പി. ജയൻ എന്നിവർ നിർവഹിക്കും. (പിഎൻപി 2456/19)

**'പ്രത്യുത്ഥാനം' പദ്ധതി; 106 കുടുംബങ്ങൾക്ക്**
**25,000 രൂപ ഓണത്തിന് മുമ്പ് വിതരണം ചെയ്യും**

'പ്രത്യുത്ഥാനം' പദ്ധതി പ്രകാരം അർഹരായവരുടെ ആദ്യ പട്ടികയിൽ ഉൾപ്പെട്ടവർക്ക് ഓണത്തിന് മുമ്പ് 25,000 രൂപയുടെ ധനസഹായം ബാങ്ക് അക്കൗ ുകളിലേക്കു നൽകും.

2018 ലെ പ്രളയത്തിലോ ഉരുൾപ്പൊട്ടലിലോ 15 മുതൽ 100 ശതമാനം വരെ നാശനഷ്ടം സംഭവിച്ച വീടുകളിലെ ക്യാൻസർ രോഗികൾ, ഡയാലിസിസ് രോഗികൾ, കിടപ്പുരോഗികൾ, മാനസികശേഷി പരിമിതർ, ഭിന്നശേഷിക്കാർ, വിധവകൾ കുടുംബനാഥകൾ ആയിട്ടുള്ളതും എല്ലാ കുട്ടികളും 18 വയസിനു താഴെയുള്ളവരും ആയിട്ടുള്ള കുടുംബങ്ങൾക്ക് 25,000 രൂപ വീതം അധിക ധനസഹായം നൽകാൻ

സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രത്യുത്ഥാനം. ഈ പദ്ധതിയിലേക്ക് ജില്ലയിൽ ലഭിച്ച അപേക്ഷകളിൽ നിന്ന് അർഹരായ 106 കുടുംബങ്ങളുടെ ആദ്യഘട്ട പട്ടികയാണ് ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിട്ടി അംഗീകരിച്ചത്. ഈ പട്ടിക സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറും. ഇവർക്കാണ് ഈ ഓണത്തിന് മുമ്പ് സഹായം ബാങ്ക് അക്കൗ ുകളിലേക്ക് നൽകുന്നത്. ലഭിച്ച അപേക്ഷകളിൽ അർഹരായി ക ത്തിയത് 422 കുടുംബങ്ങളെയാണ്. അതിൽ ആദ്യഘട്ടത്തിൽ ഡേറ്റാ എൻട്രി പൂർത്തിയാക്കിയ 131 കുടുംബങ്ങളിൽ 106 കുടുംബങ്ങളെയാണ് യോഗ്യരായി ക ത്തിയത്.

യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പി.ബി നൂഹ്, എഡിഎം അലക്സ് പി തോമസ്, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ ആർ.ബീനാ റാണി, ഡിഎംഒ(ആരോഗ്യം) ഡോ.എ.എൽ. ഷീജ, ജില്ലാ ദുരന്തനിവാരണ അതോറിട്ടി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 2457/19)

## കടകളിൽ പരിശോധന നടത്തി

ഓണക്കാലത്ത് പൊതുവിപണിയിൽ ഭക്ഷ്യവസ്തുക്കളുടേയും, മറ്റ് അവശ്യസാധനങ്ങളുടേയും കരിഞ്ചന്തയും, പൂഴ്ത്തിവെയ്പും തടയുന്നതിന് ജില്ലാ കളക്ടർ രൂപീകരിച്ച പ്രത്യേക സ്ക്വാഡ് കോന്നി താലൂക്കിലെ തണ്ണിത്തോട്, ചിറ്റാർ പഞ്ചായത്തുകളിൽ പലചരക്ക്, പച്ചക്കറി കടകൾ, ഹോട്ടലുകൾ, ബേക്കറികൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി. വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത കടകൾക്കെതിരെയും, ലൈസൻസ് പുതുക്കാത്ത കടകൾക്കെതിരെയും കേസെടുത്തു. കോന്നി താലൂക്ക് സപ്ലൈ ആഫീസർ കെ.പി.അനിൽകുമാറിന്റെ നേതൃത്വത്തിലുള്ള സ്ക്വാഡിൽ റേഷനിംഗ് ഇൻസ്പെക്ടർമാരായ ജയചന്ദ്രൻപിള്ള, ജോയിസൺ കോശി, ഫുഡ് സേഫ്റ്റി ആഫീസർമാരായ നീതു രവികുമാർ, ആർ.പി. പ്രവീൺ, ഹെൽത്ത് ഇൻസ്പെക്ടർ എൻ.ബാബു എന്നിവർ പങ്കെടുത്തു. (പിഎൻപി 2458/19)

## താലൂക്ക് വികസന സമിതി യോഗം

അടൂർ താലൂക്ക് വികസന സമിതി യോഗം ഏഴിന് രാവിലെ 10.30ന് അടൂർ താലൂക്ക് ഓഫീസിൽ ചിറ്റയം ഗോപകുമാർ എംഎൽഎയുടെ അധ്യക്ഷതയിൽ നടക്കും. ജനപ്രതിനിധികൾ, താലൂക്ക് തല ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കണം. (പിഎൻപി 2459/19)

## കോഴ്സ്

സ്കോൾ കേരള വിഎച്ച്എസ്ഇ അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിൽ ഒന്നാം വർഷ പ്രവേശനത്തിന് യഥാസമയം രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവർക്ക് പ്രവേശനം നേടുന്നതിന് അവസരം. സെപ്റ്റംബർ ഏഴുവരെ 60 രൂപ പിഴയോടെ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാം. പ്രവേശനം നേടുന്നവർ ംംം.രെീഹലസലൃമഹമ.ീൃഴ മുഖേന രജിസ്റ്റർ ചെയ്ത് ര ു ദിവസത്തിനകം നിർദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ അതത് സ്കൂൾ പ്രിൻസിപ്പൽ മുഖേന നേരിട്ടോ/സ്പീഡ് പോസ്റ്റ്/ രജിസ്ട്രേഡ് തപാൽ മാർഗമോ സംസ്ഥാന കേന്ദ്രത്തിൽ എത്തിക്കണം. ഫോൺ: 0471-2342950, 2342271, 2342369. (പിഎൻപി 2460/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 4<br>September 4 | 2019 |
|---|---|

*1193 ചിങ്ങം* 19 ബുധൻ

# പത്രക്കുറിപ്പ് -2

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

---

**വീടിന്റ മുകളിൽ വീണ തേക്ക് ഫയർ ഫോഴ്സ് നീക്കം ചെയ്തു**

വീടിന്റെ മുകളിലേക്ക് വീണ തേക്ക് മരം ഫയർഫോഴ്സ് നീക്കം ചെയ്തു. ആളപായമില്ല. പത്തനംതിട്ട നഗരസഭ വാർഡ് 31-ൽ കരിമ്പനംകുഴിയിൽ വാഴക്കാലായിൽ വി.ജി വർഗീസിന്റെ ഉടമസ്ഥതയിലുള്ള പുരയിടത്തിൽ നിന്നിരുന്ന തേക്ക് മരമാണ് വീണത്. മതിൽ തകർത്ത് റോഡിന് കുറുകെ ഇലക്ട്രിക് ലൈനിന് മുകളിൽ കൂടി അയൽവാസിയായ തറവാട്ടിൽ വീട്ടിൽ കെ. രാജന്റെ വീടിനു മുകളിലേക്കാണ് മരം വീണത്. ര ു വൈദ്യുതി തൂണുകൾ പിഴുതു വീണു.

ഉടൻ തന്നെ അസി. സ്റ്റേഷൻ ഓഫീസർ പി.അജിത്കുമാർ, ലീഡിംഗ് ഫയർമാൻ പി. മാത്യു എന്നിവരുടെ നേതൃത്വത്തിലുള്ള ഏഴ് അംഗ അഗ്നിശമന സേന പത്തനംതിട്ടയിൽ നിന്നും എത്തി തേക്കുമരം മുറിച്ചു മാറ്റി. റോഡിന് കുറുകെ വീണ വൈദ്യുതി പോസ്റ്റ് റോഡരികിലേക്ക് വലിച്ച് മാറ്റി അപകടം ഒഴിവാക്കി. റോഡ് ഗതാഗതയോഗ്യമാക്കുകയും ചെയ്തു. (പിഎൻപി 2460/19)

**ഓണം വിൽപ്പന: ഭക്ഷ്യ സുരക്ഷാ പരിശോധനയിൽ**
**17 സ്ഥാപനങ്ങൾക്ക് 78,500 രൂപ പിഴ ഈടാക്കി**

*: നടപടി എടുത്തത് ലൈസൻസ് നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ*

*: ഓണത്തിന് സ്റ്റാളുകൾ തുടങ്ങുന്നവർ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ*

*എടുക്കണം*

ഓണക്കാലത്തോട് അനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ ര ു സ്ക്വാഡുകളായി നടത്തിയ പരിശോധനയിൽ ലൈസൻസ് നിബന്ധനകൾ പാലിക്കാത്ത 14 സ്ഥാപനങ്ങൾക്ക് 78,500 രൂപ പിഴ ഈടാക്കി. സ്ഥാപനങ്ങളും ഈടാക്കിയ തുകയും ക്രമത്തിൽ. കോയീസ് ബേക്കറി റാന്നി-3000 രൂപ, സ്നോ വേൾഡ് ബേക്കേഴ്സ് കുളനട-5000 രൂപ, മലബാർ ബേക്കേഴ്സ് പന്തളം - 2000 രൂപ-, മെറീന ബേക്കറി ആൻഡ് ബോർമ തിരുവല്ല- 5000 രൂപ, അനന്ദു ഹോട്ടൽ റാന്നി-5000 രൂപ , സെന്റ് ജോർജ് റസ്റ്ററന്റ് റാന്നി -1500 രൂപ , അശ്വതി റസ്റ്ററന്റ് നെല്ലിമുകൾ- 10,000 രൂപ, എം.എം. തട്ടുകട റാന്നി- 2000 രൂപ, സ്റ്റോപ്പ് ആന്റ് ടേസ്റ്റ് ബേക്കേഴ്സ് തിരുവല്ല - 5000 രൂപ, അർക്കാഡിയ ഫുഡ് കോർട്ട് തിരുവല്ല 10,000 രൂപ, ബെസ്‌ലൽ ബേക്കറി കോന്നി-3000 രൂപ, കമലാസ് മാർട്ട് പന്തളം-2000 രൂപ, വിജയ ഹോട്ടൽ തിരുവല്ല-20,000 രൂപ, അയ്യപ്പാസ് കൺസ്യൂമർ സൂപ്പർ മാർക്കറ്റ് പന്തളം - 5000 രൂപ.

ഭക്ഷ്യ സുരക്ഷാ നിലവാര നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ ഭക്ഷ്യ ഉൽപ്പാദനവും വ്യാപാരവും നടത്തുന്നത് 2006-ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമപ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. എല്ലാ സ്ഥാപനങ്ങളും ഭക്ഷ്യ സുരക്ഷാ ലൈസൻസ് എടുക്കേ തും നിയമാനുസൃതമുള്ള ശുചിത്വ നിലവാരം ഉൾപ്പെടെയുള്ള ലൈസൻസ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേ തുമാണെന്ന് ഭക്ഷ്യ സുരക്ഷാ അസി. കമ്മീഷണർ ബി.മധുസൂദനൻ അറിയിച്ചു.

ഓണക്കാലത്ത് താത്കാലിക സ്റ്റാളുകൾ തുടങ്ങുന്നവർ കർശനമായും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ എടുത്തില്ലെങ്കിൽ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഭക്ഷ്യ സുരക്ഷാ അസി. കമ്മീഷണർ അറിയിച്ചു. വിപണിയിൽ ലഭ്യമാകുന്ന ഭക്ഷ്യ വസ്തുക്കളിൽ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നമ്പർ ഇല്ലായെങ്കിൽ ആ വിവരം ഫുഡ് സേഫ്റ്റി ഓഫീസറെയോ ജില്ലാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയത്തിലോ അറിയിക്കണം. ഹോട്ടലുകളിൽ നടത്തിയ പരിശോധനയിൽ കൃത്രിമ രുചി വർധക വസ്തുവായ അജിനോമോട്ടോ എന്ന പേരിൽ അറിയപ്പെടുന്ന മോണോ സോഡിയം ഗ്ലൂട്ടമെൻ ചേർക്കുന്നതായി ബോധ്യപ്പെട്ടിട്ടു ്. അത് ഉപയോഗിക്കുന്നുവെ ങ്കിൽ ആ വിവരം ഹോട്ടലിൽ പ്രദർശിപ്പിക്കണം. അജിനോമോട്ടോ ഉപയോഗിച്ച ഭക്ഷണസാധനങ്ങൾ ഒരു വയസിനു താഴെയുള്ള കുട്ടികൾ, ഗർഭിണികൾ എന്നിവർ കർശനമായും ഒഴിവാക്കണം. ആഹാര സാധനങ്ങൾ പൊതിയുവാനോ സൂക്ഷിക്കുവാനോ ബേക്ക് ചെയ്യുവാനോ ന്യൂസ് പേപ്പർ ഉപയോഗിക്കരുത്. ചൂടുള്ള ഭക്ഷണ സാധനങ്ങൾ പാഴ്സൽ നൽകുമ്പോഴും സൂക്ഷിക്കുമ്പോഴും പ്ലാസ്റ്റിക് ഉപയോഗിക്കരുതെന്നും ഭക്ഷ്യ സുരക്ഷാ അസി. കമ്മീഷണർ അറിയിച്ചു.

ഓണം സ്പെഷ്യൽ സ്ക്വാഡ് ജില്ലയിൽ ആകെ 186 പരിശോധനകൾ ഇതുവരെ നടത്തി. 76 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. ഈ പരിശോധനകളിൽ വിവിധ ഭക്ഷ്യ വസ്തുക്കളുടെ 15 സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയച്ചു. വരും ദിവസങ്ങളിലും സ് ക്വാഡ് പ്രവർത്തനം തുടരും.

ജില്ലയിലെ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ പേരും മൊബൈൽ നമ്പറും:- ആർ.പി പ്രവീൺ, റാന്നി സർക്കിൾ - 8943346588, എസ്.പ്രശാന്ത്, തിരുവല്ല സർക്കിൾ - 8943346540, ടി.ആർ പ്രശാന്ത് കുമാർ, ആറന്മുള സർക്കിൾ -8943346539, നീതു രവികുമാർ, കോന്നി സർക്കിൾ - 7593000862, ഷീന ഐ നായർ, അടൂർ സർക്കിൾ - 8943346589, ജി.രഘുനാഥ കുറുപ്, നോഡൽ ഫുഡ് സേഫ്റ്റി ഓഫീസർ- 9072639572, ബി.മധുസൂദനൻ, ഭക്ഷ്യ സുരക്ഷാ അസി. കമ്മീഷണർ-8943346183.

(പിഎൻപി 2461/19)

## അച്ഛാ എനിക്ക് ഓണക്കോടി വേ
## പ്രളയത്തിൽ പെട്ടവരെ സഹായിച്ചാ മതി

'അച്ഛാ ഇത്തവണ എനിക്ക് ഓണക്കോടി വേ    പ്രളയത്തിൽ പെട്ടവരെ സഹായിച്ചാ മതി' എന്ന് മൂന്നാം ക്ലാസുകാരിയായ റെയ്നാ മോൾ റെ പറഞ്ഞപ്പോൾ അച്ഛനായ റെ തോമസിന് ആദ്യം അമ്പരപ്പ് തോന്നിയെങ്കിലും അത് പിന്നീട് മകളേ ഓർത്തുള്ള അഭിമാനത്തിലേക്ക് വഴിമാറി.

മകളുടെ ആഗ്രഹം അംഗീകരിച്ച റെ തോമസ് പിന്നൊട്ടും വൈകിയില്ല. മകളുടെ ഇഷ്ടപ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഓണക്കോടിക്കായി മാറ്റി വച്ച ആയിരം രൂപ നൽകാൻ തീരുമാനിച്ചു. കളക്ടറേറ്റിലെത്തിയ റെ മോളും അച്ഛനും ജില്ലാ കളക്ടർ പി ബി നൂഹിന് ചെക്ക് കൈമാറി. കുട്ടിയുടെ വലിയ മനസിനെ പ്രോത്സാഹിപ്പിച്ച കളക്ടർ പഠനത്തിലും മിടുക്കിയായി തീരാൻ പ്രയത്നിക്കണമെന്നും പറഞ്ഞു. വള്ളിക്കോട് മായാലിൽ ഗവ. എൽ പി സ്കൂളിൽ മൂന്നാം ക്ലാസ് വിദ്യാർഥിനിയാണ് റെയ്ന മോൾ റെ.

(പിഎൻപി 2462/19)

## പ്രളയ ബാധിതർക്ക് സഹായവുമായി ര   ാം ക്ലാസ് വിദ്യാർഥിനി

വടക്കൻ കേരളത്തിലെ പ്രളയ ദുരിതം അനുഭവിക്കുന്നവർക്ക് ഒരു കൈ സഹായവുമായി  ര   ാം ക്ലാസ് വിദ്യാർഥിനി ആർ. അഞ്ജന. അച്ഛനും അമ്മയും സമ്മാനമായി തന്ന തുകകളും, വിഷുക്കൈനീട്ടവുമെല്ലാം സ്വരുക്കൂട്ടിയത് കളക്ടറേറ്റിലെത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജില്ലാ കളക്ടർ പി.ബി. നൂഹിന് അഞ്ജന കൈ മാറി.

അധ്യാപകർ കുരുന്നിന് വഴികാട്ടികളായി. സഹപാഠികളും ഒപ്പം കൂടി. തട്ടയിൽ എൻ എസ് എസ് എൽ പി സ്കൂളിലെ ര   ാം ക്ലാസ് വിദ്യാർഥിനിയാണ് അഞ്ജന. ഹെഡ്മിസ്ട്രസ് എംഎ സുധ, അധ്യാപികയായ മിനി, പി ടി എ പ്രതിനിധി ആർ രാജി, വിദ്യാർഥികളായ ജ്യോതിക, ജോത്സ്ന, അശ്വിനി, ശിവപ്രിയ എന്നിവരും അഞ്ജനയ്ക്കൊപ്പം എത്തിയിരുന്നു. (പിഎൻപി 2463/19)

## ആറന്മുള ജലോത്സവം: ജലവിഭവ വകുപ്പ് മന്ത്രിയുടെ യോഗം ഇന്ന്(5)

ആറന്മുള ഉതൃട്ടാതി ജലോത്സവവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനായി ജലവിഭവ വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടിയുടെ അധ്യക്ഷതയിൽ ഇന്ന്(5) ഉച്ചകഴിഞ്ഞ് മൂന്നിന് ആറന്മുള പാഞ്ചജന്യം ഓഡിറ്റോറിയത്തിൽ യോഗം ചേരും. (പിഎൻപി 2464/19)

## ജാഗ്രത പുലർത്തണം

കാലവർഷം കനത്തതിനാലും, മണിയാർ ബാരേജിന് മുകൾ ഭാഗത്തുള്ള കാരിക്കയം, അള്ളുങ്കൽ മൂഴിയാർ, കക്കാട് എന്നീ ജലവൈദ്യുത പദ്ധതികളിലെ വൈദ്യുതോത്പാദനം കൂട്ടിയതിനാലും  മണിയാർ റിസർവോയറിലേക്കുള്ള നീരൊഴുക്ക് ശക്തിപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മണിയാർ ബാരേജിലെ ജലനിരപ്പ് 34.60 മീറ്റർ ആയി ക്രമീകരിക്കുന്നതിനായി ഷട്ടറുകൾ 30 സെന്റീ മീറ്റർ വീതം ഉയർത്തി അധിക ജലം കക്കാട്ടാറിലേക്ക് ഒഴുക്കി വിടേ   സാഹചര്യം ഉ  ്. ഇതുമൂലം കക്കാട്ടാറിൽ 50 സെന്റീ മീറ്റർ വരെ ജലനിരപ്പ് ഉയരുവാൻ സാധ്യത ഉ  ്. പമ്പയുടെയും, കക്കാട്ടാറിന്റെയും തീരത്തുള്ളവർ പ്രത്യേകിച്ച് മണിയാർ, വടശേരിക്കര, റാന്നി, കോഴഞ്ചേരി, ആറന്മുള നിവാസികളും, പൊതുജനങ്ങളും ജാഗ്രത പാലിക്കുകയും ആവശ്യമായ മുൻകരുതലുകൾ

സ്വീകരിക്കണമെന്നും ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. (പിഎൻപി 2465/19)

**ഇക്കോ ടൂറിസം ഇ– ടിക്കറ്റിംഗ്**
**സംവിധാനം : ഉദ്ഘാടനം ഇന്ന് (സെപ്തംബർ 5)**

സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കാനുള്ള ടിക്കറ്റുകൾ ഇനി ഓൺലൈനിലും. തടിയൊഴികെയുള്ള വന ഉൽപന്നങ്ങളും ഓൺ ലൈൻ വനശ്രീ ഇക്കോഷോപ്പുകളിലൂടെ ലോകത്താകമാനം ലഭ്യമാകുന്ന സംവിധാനത്തിനും ഇന്ന് തുടക്കമാകും. ഇതിനായുള്ള മൊബൈൽ ആപ്പിന്റെ പ്രകാശനവും, പദ്ധതിയുടെ ഉദ്ഘാടനം വനം വന്യജീവി വകുപ്പ് മന്ത്രി കെ രാജു ഇന്ന് രാവിലെ 11ന് അദ്ദേഹത്തിന്റെ ചേമ്പറിൽ നിർവഹിക്കും. വനംവകുപ്പിന്റെ ഒദ്യോഗിക വെബ്സൈറ്റായ http://www.forest.kerala.gov.in ,ഇക്കോ ടൂറിസം വെബ്സൈറ്റായ https://keralaforestecotourism.com എന്നിവയിലും കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം എന്ന മൊബൈൽ ആപ്പ് വഴിയും ടിക്കറ്റുകൾ ബുക്കു ചെയ്യാനും ഉൽപന്നങ്ങൾ വാങ്ങുവാനും സാധിക്കും. സംസ്ഥാനത്താകെയുള്ള 60 ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ 25 എണ്ണത്തിലാണ് ആദ്യഘട്ടമെന്ന നിലയിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം നടപ്പിലാക്കുക. തിരുവനന്തപുരം വനശ്രീ ഇക്കോ ഷോപ്പ് സംസ്ഥാനത്തെ ആദ്യത്തെ ഓൺലൈൻ ഇക്കോ ഷോപ്പാകും. ഒരുമാസത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും വനശ്രീ യൂണിറ്റുകളിലും ഓൺലൈൻ സൗകര്യം ലഭ്യമാക്കും.

(പിഎൻപി 2466/19)

**നാട്ടാനകളുടെ അനധികൃത കൈമാറ്റത്തിൽ കർശന നടപടി:**
**ചീഫ് വൈൽഡ് ലൈഫ് വാർഡൻ**

നാട്ടാനകളുടെ കച്ചവടവും കൈമാറ്റവും വനംവകുപ്പിന്റെ അനുമതിയോടെയും മാനദണ്ഡങ്ങൾക്ക് അനുസൃതവുമായിട്ടായിരിക്കണമെന്നും ഇത് പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ അറിയിച്ചു.

അടുത്ത കാലത്തായി ആനകളുടെ കൈമാറ്റവും വിൽപനയും വർധിച്ചു വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടു ്. ആനകളുടെ അനധികൃത കൈമാറ്റവും പാട്ടത്തിന് നൽകലും അവയുടെ ജീവഹാനിക്കു തന്നെ കാരണമാകും വിധമുള്ള ദുരുപയോഗത്തിനു കാരണമാവുന്നു. കഴിഞ്ഞ ഒന്നരവർഷത്തിനുള്ളിൽ സംസ്ഥാനത്ത് മരണപ്പെട്ട 50 ലധികം ആനകളിലേറെയും ഇത്തരം കൈമാറ്റങ്ങൾക്ക് വിധേയമായിരുന്നതായി ബോധ്യപ്പെട്ട സാഹചര്യത്തിലാണ് വകുപ്പ് നിയമനടപടികൾ കർക്കശമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

രജിസ്റ്റർ ചെയ്ത ജില്ലയിൽ നിന്ന് ആനകളെ പുറത്തേക്ക് കൊ ുപോകുന്ന സാഹചര്യങ്ങളിൽ എന്താവശ്യത്തിന്, എത്ര ദിവസത്തേക്ക് എവിടേക്ക് കൊ ുപോകുന്നു എന്നത് സംബന്ധിച്ച് ഉടമ സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ അറയിക്കണം. ഒറ്റത്തവണയായി പതിനഞ്ചു ദിവസത്തിൽ കൂടുതൽ സ്വന്തം ജില്ല വിട്ട് ആനകളെ മാറ്റി പാർപ്പിക്കാൻ പാടില്ല. പതിനഞ്ചു ദിവസത്തിലധികം മാറ്റി പാർപ്പിക്കേ സാഹചര്യങ്ങളിൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്ന് മുൻകൂർ അനുമതി വാങ്ങുകയും അവയ്ക്ക് മതിയായ സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടു ന്ന് ബോധ്യപ്പെടുത്തുകയും വേണമെന്നും അദ്ദേഹം അറിയിച്ചു. (പിഎൻപി 2467/19)

**നവകേരളമിഷൻ പ്രവർത്തനത്തിൽ വൻ മുന്നേറ്റം**

നവകേരളമിഷനുമായി ബന്ധപ്പെട്ട് ജില്ലയിലെ പ്രവർത്തനങ്ങളിൽ വലിയ മുന്നേറ്റം കൈവരിച്ചതായി ജില്ലാ കളക്ടർ പി.ബി നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന അ

വലോകന യോഗം വിലയിരുത്തി. ഹരിതകേരളം മിഷന്റെ ഉപ മിഷനായ കൃഷിയിൽ 19 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർഷക കർമ്മസേന ജില്ലയിൽ രൂപീകരിച്ചിട്ടു ്. 372 അംഗങ്ങൾ ഈ കർഷക കർമ്മ സേനയിൽ ഉ ്. കൂടാതെ നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അഗ്രോ സെന്ററുകളും ആരംഭിച്ചിട്ടു ്. ഹരിത കേരള മിഷന്റെ ര ാം ഉപമിഷനായ വാട്ടർ റിസോഴ്സ് മാനേജ്മെന്റിൽ 2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ 1292 കുളങ്ങൾ നിർമിക്കുകയും പുനരുദ്ധരിക്കുകയും ചെയ്തു. ഇതേകാലയളവിൽ മുനിസിപ്പാലിറ്റിയിൽ 170 കുളങ്ങൾ നിർമിക്കുകയും പുനരുദ്ധരിക്കുകയും ചെയ്തു. ഇതിൽ ഇറിഗേഷൻ വകുപ്പ് 54,20,722 രൂപ ചെലവഴിച്ചു. തൊഴിൽ ഉറപ്പ് പദ്ധതിയിൽ 7,37,000 രൂപ ചെലവഴിച്ചു. മുനിസിപ്പാലിറ്റികളിൽ ഇറിഗേഷൻ വകുപ്പ് 4,70,769 രൂപയും അയ്യൻകാളി പദ്ധതി വഴി 3,03,260 രൂപയും ചെലവഴിച്ചു.

ഹരിത കേരളം മിഷന്റെ മൂന്നാം ഉപമിഷനായ ശുചിത്വമിഷൻ മാലിന്യ സംസ്കരണ രംഗത്ത് 2020 മാർച്ച് മാസത്തോടെ 17 ഗ്രാമ പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും സമ്പൂർണ മാലിന്യ സംസ്കരണ സംവിധാനത്തിലേക്ക് എത്തുന്നതിന് നടപടി സ്വീകരിച്ചിട്ടു ്. ലൈഫ് മിഷനിൽ ജില്ലയിൽ 45 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 100 ശതമാനം ലക്ഷ്യം കൈവരിച്ചു. ലൈഫ് മിഷന്റെ ര ാംഘട്ടത്തിൽ ഭൂമിയുള്ളവർക്ക് വീട് നിർമിച്ചു നൽകുന്ന പദ്ധതി പ്രകാരം 1160 വീടുകളുടെ പണി പൂർത്തീകരിച്ചു. ആദ്യഘട്ടത്തിൽ വിവിധ പദ്ധതികളിലായി പൂർത്തിയാകാതെ കിടന്നിരുന്ന 1180ൽ 1160 എണ്ണം പൂർത്തീകരിച്ചിരുന്നു. മൂന്നാം ഘട്ടത്തിൽ ഗുണഭോക്താക്കളുടെ അർഹതാ പരിശോധന എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും പുരോഗമിക്കുകയാണ്. സെപ്റ്റംബർ 30ന് പരിശോധന പൂർത്തീകരിക്കും.

ആർദ്രം പദ്ധതിയിൽ ജില്ലയിൽ തെരഞ്ഞെടുത്ത എട്ട് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ആറെണ്ണം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. ര ാം ഘട്ടത്തിൽ 26 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് തെരഞ്ഞെടുത്തിട്ടു ്. അടിസ്ഥാന സൗകര്യ വികസനത്തിൽ ജില്ലയിൽ ര ു താലൂക്ക് ആശുപത്രികളെ ( റാന്നി, മല്ലപ്പള്ളി )തെരഞ്ഞെടുത്തിട്ടു ്. ഇതിൽ റാന്നി താലൂക്ക് ആശുപത്രിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ച് നിർമാണ പ്രവർത്തനം നടന്നുവരുന്നതായും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ 187 സർക്കാർ ഹൈസ്കൂൾ ക്ലാസ് മുറികളും 184 സർക്കാർ ഹയർ സെക്കൻഡറി ക്ലാസ് മുറികളും 49 സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി ക്ലാസ് മുറികളും ഹൈടെക്കാക്കി. അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേയും ഓരോ ഹയർ സെക്കൻഡറി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്തിട്ടു ്. ഇവയുടെ പ്രവർത്തികൾ പുരോഗമിക്കുകയാണെന്നും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർ പറഞ്ഞു.

(പിഎൻപി 2468/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) വീടിന്റെ മുകളിലേക്ക് വീണ തേക്ക് മരം ഫയർഫോഴ്സ് നീക്കം ചെയ്യുന്നു.

2) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന ജില്ലാ കളക്ടർ പി.ബി. നൂഹിന് റെയ്നാ മോൾ റെ കൈമാറുന്നു.

3) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന ജില്ലാ കളക്ടർ പി.ബി. നൂഹിന് അഞ്ജന കൈമാറുന്നു.










വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 4<br>September 4 | 2019 |
|---|---|

***1193 ചിങ്ങം*** 19 ബുധൻ

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**എല്ലാ നിത്യോപയോഗ ഉത്പന്നങ്ങളും സപ്ലോകോ വഴി ലഭ്യമാക്കും: മന്ത്രി പി. തിലോത്തമൻ**

ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള എല്ലാ നിത്യോപയോഗ ഉത്പന്നങ്ങളും സപ്ലൈകോ വഴി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി പി. തിലോത്തമൻ പറഞ്ഞു. കൊടുമൺ ഗ്രാമപഞ്ചായത്തിലെ നവീകരിച്ച സപ്ലൈകോ സൂപ്പർമാർക്കറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ജനങ്ങൾക്ക് സ്വീകാര്യമായ വിലയിൽ സാധനങ്ങൾ നൽകുന്നതിനുള്ള നടപടികളാണ് ഇപ്പോൾ നടന്നു വരുന്നത്. ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ചെറുകിട വ്യാപാര മേഖലകളിലേക്കുള്ള കടന്നു കയറ്റവും ഇതിലൂടെ നിയന്ത്രിക്കാനാകും. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊ ു വരുന്ന ഉത്പന്നങ്ങൾക്ക് കടത്തു കൂലി നൽകേ സാഹചര്യം ഉ ാകുന്നതിലൂടെ സാധനങ്ങൾക്ക് വില കൂടേ സ്ഥിതിയു ്. ഈ സാഹചര്യത്തിലും സാധനങ്ങൾക്ക് വില കൂടാതെ നൽകുന്നതിന് സർക്കാരിന് സാധിക്കുന്നു ്. ഇതുമൂലം സപ്ലൈകോയ്ക്ക് 481 കോടി രൂപയുടെ അധിക ബാധ്യത നിലവിലു ്. ഇതിൽ 200 കോടിരൂപ സബ്സിഡിയായി സപ്ലൈകോയ്ക്ക് സർക്കാർ നൽകുന്നു ്. ഈ സർക്കാർ അധികാരത്തിൽ ഏറിയപ്പോൾ അരി ഉൾപ്പെടെയുള്ള 14 നിത്യോപയോഗ സബ്സിഡി സാധനങ്ങളുടെ വില വർധിപ്പിക്കില്ലെന്ന് ഉറപ്പ് നൽകിയിരുന്നു. ഇതു സർക്കാർ പാലിച്ചിട്ടു ്.

കേരളത്തിലെ പൊതുവിതരണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി

റേഷന്‍ കടകളെ വൈവിധ്യവത്കരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ശബരി ഉത്പന്നങ്ങള്‍ റേഷന്‍ കടകളിലൂടെ ലഭ്യമാക്കും. അവിടെ മിനി എടിഎം പ്രവര്‍ത്തിപ്പിക്കും. എഫ്സിഐയില്‍ നിന്നും സാധനങ്ങള്‍ കൊ  ുവരുന്ന വാഹനങ്ങളില്‍ ജിപിഎസ് ഘടിപ്പിക്കും. ഇതിലൂടെ വാഹനം റൂട്ട് മാറി ഓടിയാല്‍ ക  ത്തി നടപടി സ്വീകരിക്കും. റേഷന്‍ കടകളില്‍ നിന്നും ജനങ്ങള്‍ക്ക് ലഭ്യമാകുന്ന സാധനങ്ങളുടെ അളവുകളില്‍ കുറവ് വരാതിരിക്കാന്‍ അളവ് കൃത്യമായാല്‍ മാത്രമേ തൂക്കാന്‍ സാധിക്കുകയുള്ളു എന്ന ബയോമെട്രിക് സംവിധാനവും നടപ്പാക്കും. റേഷന്‍ ആരുടേയും ഔദാര്യമല്ല, അവകാശമാണെന്ന ബോധം എല്ലാവര്‍ക്കും ഉ  ാകണമെന്നും മന്ത്രി പറഞ്ഞു.

കഴിഞ്ഞ ഒരു വര്‍ഷക്കാലയളവിന് ഉള്ളില്‍ അടൂര്‍ അസംബ്ലി മണ്ഡലത്തില്‍ 700 കോടി രൂപയുടെ വികസന പ്രവര്‍ത്തനങ്ങള്‍ നടപ്പാക്കിയതായി ചടങ്ങില്‍ അധ്യക്ഷത വഹിച്ച ചിറ്റയം ഗോപകുമാര്‍ എംഎല്‍എ പറഞ്ഞു. സര്‍ക്കാര്‍ ഫ  ും എംഎല്‍എ ഫ  ും ഉപയോഗിച്ച് മണ്ഡലത്തിന്റെ സമഗ്ര വികസനത്തിന് പ്രധാന്യം നല്‍കിയിട്ടു  ്. സ്കൂളുകള്‍, ആശുപത്രികള്‍ തുടങ്ങിയ പൊതുസ്ഥാപനങ്ങള്‍ നവീകരിച്ചു വരുകയാണെന്നും എംഎല്‍എ പറഞ്ഞു.

നവീകരിച്ച സപ്ലൈകോ സൂപ്പര്‍മാര്‍ക്കറ്റിലെ ആദ്യ വില്‍പ്പന കൊടുമണ്‍ മടത്തിക്കുന്നേല്‍ സൂസമ്മയ്ക്ക് നല്‍കി പറക്കോട് ബ്ലോക്ക് പ്രസിഡന്റ് ബീന പ്രഭ നിര്‍വഹിച്ചു. കൊടുമണ്‍ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞന്നാമ്മ കുഞ്ഞ്, വൈസ് പ്രസിഡന്റ് എം.ആര്‍. ശ്രീധരന്‍ ഉണ്ണിത്താന്‍, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. ആര്‍.ബി. രാജീവ് കുമാര്‍, പറക്കോട് ബ്ലോക്ക് വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷന്‍ അഡ്വ. സി.പ്രകാശ്, വാര്‍ഡ് മെമ്പര്‍ എ.ബി. ശ്രീകുമാര്‍, സിപിഐ ജില്ലാ സെക്രട്ടറി എ.പി. ജയന്‍, സിപിഐ ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി ഡി. സജി, ഏരിയാ സെക്രട്ടറി എ.എന്‍. സലിം, സിപിഐ മണ്ഡലം സെക്രട്ടറി ഏഴംകുളം നൗഷാദ്, സപ്ലൈകോ ജനറല്‍ മാനേജര്‍ ആര്‍. റാംമോഹന്‍, ജില്ലാ സപ്ലൈ ഓഫീസര്‍ എം.എസ്. ബീന, ജില്ലാ സപ്ലൈ ഓഫീസ് സീനിയര്‍ സൂപ്ര  ് എം.എന്‍. വിനോദ് കുമാര്‍ തുടങ്ങിയവര്‍ പ്രസംഗിച്ചു. (പിഎന്‍പി 2469/19)

**ഫോട്ടോ അടിക്കുറിപ്പ്**

4) കൊടുമണ്‍ ഗ്രാമപഞ്ചായത്തിലെ നവീകരിച്ച സപ്ലൈകോ സൂപ്പര്‍മാര്‍ക്കറ്റിന്റെ ഉദ്ഘാടനം  ഭക്ഷ്യ സിവില്‍ സപ്ലൈസ് വകുപ്പ് മന്ത്രി പി. തിലോത്തമന്‍ നിര്‍വഹിക്കുന്നു.

5)  കൊടുമണ്‍ ഗ്രാമപഞ്ചായത്തിലെ നവീകരിച്ച സപ്ലൈകോ സൂപ്പര്‍മാര്‍ക്കറ്റിന്റെ ഉദ്ഘാടനം  നിര്‍വഹിച്ച് ഭക്ഷ്യ സിവില്‍ സപ്ലൈസ് വകുപ്പ് മന്ത്രി പി. തിലോത്തമന്‍ പ്രസംഗിക്കുന്നു.

6)കൊടുമണ്‍ ഗ്രാമപഞ്ചായത്തിലെ നവീകരിച്ച സപ്ലൈകോ സൂപ്പര്‍മാര്‍ക്കറ്റിന്റെ ഉദ്ഘാടനം  നിര്‍വഹിച്ച ശേഷം ഭക്ഷ്യ സിവില്‍ സപ്ലൈസ് വകുപ്പ് മന്ത്രി പി. തിലോത്തമന്‍ സന്ദര്‍ശിക്കുന്നു.










വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.